# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1514 03/10/2011-ൽ മറുപടിക്ക്

## ഒഴിവുള്ള തസ്തികകളിൽ നിയമന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ നിന്നു-കൊണ്ട് ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താതെ വീണ്ടും റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടികൊണ്ടുപോകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടി-ട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ; | (എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണം കാരണം നിയമനങ്ങൾ റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ഫലപ്രദമായി നടക്കാത്തതിനാലാണ് റാങ്കു ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകേണ്ടതായി വന്നത്. അതിനാൽ ഇതിനെതിരെ നടപടിയുടെ ചോദ്യം ഉദിക്കുന്നില്ല. |
| (ബി) സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ബന്ധപ്പെട്ട അധികാരികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഒഴിവുകൾ നിയമനാധികാരികൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പരാതികൾ ലഭിച്ചിട്ടില്ല. അതിനാൽ നടപടികൾ സ്വീകരിക്കേണ്ടതായി വരുന്നില്ല. |
| (സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമനം നടത്തുന്നതിനും കാലയളവ് നിശ്ചയിക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കു-ന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സത്വരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത് എന്നുള്ള വിവരം നൽകുമോ; | |
| (ഡി) ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടു-ത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (സി) + (ഡി) + (ഇ)<br>ഇപ്പോൾ പരിഗണനയിലില്ല |
| (ഇ) ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിനും പി.എസ്.സി. അഡ്വൈസ് നൽകുന്നതിനും വേണ്ടി ഒരു പ്രത്യേക സെൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ